ഉൾകരുത്തും, നിയമ ബഹുമാനവുമുള്ള പുതുതലമുറയുടെ സൃഷ്ടിയ്ക്കായുള്ള **“Kid Safe”** പദ്ധതി 01.07.2018 തീയതി 11 മണിയ്ക്ക് പുന്നപ്ര അമ്പേദ്കര് മെമ്മോറിയല് മോഡല് റസിഡൻഷ്യല് സ്കൂളിൽ വെച്ച് **“Kid Safe”** പദ്ധതി ബഹു: സംസ്ഥാന പോലീസ് മേധാവി **ശ്രീ. ലോക്നാഥ് ബഹ്റ IPS** അവറുകൾ ഉദ്ഘാടനം ചെയ്തു. സ്കൂളുകളിൽ ഹാജരല്ലാത്ത കുട്ടികളുടെ വിവരങ്ങള് ക്ലാസ്സ് ടീച്ചർ പ്രത്യേക തയ്യാറാക്കിയിട്ടുള്ള ആപ്ലിക്കേഷന് ഉപയോഗിച്ച് ‘‘ഒറ്റ ക്ലിക്കിലൂടെ’’ ബന്ധപ്പെട്ട പോലീസ് അധികാരികളെ അറിയിക്കുമ്പോൾ പോലീസ് ഉദ്യോഗസ്ഥർ രക്ഷകർത്താക്കളുമായി ബന്ധപ്പെട്ട് ഹാജരാകാതിരുന്ന കാരണം തിരക്കി ടി കുട്ടിയുടെ ഒരു സഹായിയായി പ്രവർത്തിച്ച് അവന് ആവശ്യമായ ആത്മധൈര്യം പകർന്ന് നല്കുക, സ്വന്തം തീരുമാന ശേഷി കഴിവുകളിൽ അവർക്ക് ആത്മ വിശ്വാസം ഉറപ്പ് വരുത്തുക എന്നതാണ്**“Kid Safe”.**പ്രഭാതത്തിൽ വീട്ടില് നിന്നും സ്കൂളിലേയ്ക്ക് പോകുന്ന കുട്ടികളില് ചിലരെങ്കിലും സമൂഹത്തിന്റെ കറുത്ത നീരാളി പിടുത്തത്തിൽ പെട്ട് അടിമകളാകുകയോ മറ്റ് ചതിക്കുഴികളിൽ പെട്ട് ദിശാബോധം നഷ്ടപ്പെട്ട് സമൂഹത്തിന് ബാധ്യതയായി തീരാവുന്ന സാഹചര്യങ്ങൾ ഉന്മൂലനം ചെയ്ത് സുരക്ഷിതവും, കഴിവുറ്റതുമായ ഒരു നല്ല തലമുറയെ വാർത്ത് എടുക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ആദ്യമായി ജില്ലാ പോലീസിന്റെ നേതൃത്വത്തിൽ ജില്ലയിൽ **“Kid Safe”** എന്ന പദ്ധതി ആരംഭിച്ചിട്ടുള്ളത്**.**

ഇന്റർ നെറ്റിന്റെ സർവ്വവ്യാപനത്തോടെ കുട്ടികളുടെ ചിന്തയ്ക്കും പ്രവർത്തികൾക്കും ഉണ്ടാകാന് സാധ്യതയുള്ള അപകടങ്ങൾ മനസ്സിലാക്കി സാമൂഹിക, മാനുഷിക നന്മയ്ക്ക് ഇവയെ മുതൽക്കൂട്ടാക്കുക എന്ന ലക്ഷ്യത്തോടെയുള്ള സൈബര് ക്രൈം ബോധവത്കരണം, വ്യക്തി വികസന ബോധവത്കരണം, ജീവിത ലക്ഷ്യം നേടുന്നതിനുള്ള ശരിയായ ദിശ പങ്കുവെയ്ക്കല്, സ്കൂളുകളിലും പരിസരങ്ങലിലുമുള്ള മയക്കുമരുന്ന് വിതരണ സാധ്യതകൾ തടയുന്നതിനുള്ള പരിശീലനങ്ങള് നല്കുകയും, അതുവഴി കുട്ടികളുടെ സുരക്ഷ അടിയന്തിരമായി ഉറപ്പ് വരുത്തുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ മറ്റ് ഉദ്ദേശങ്ങള്. നമ്മുടെ കുട്ടികൾ നമ്മുടെ ഭാവിയാണെന്ന് നാം വിശ്വസിക്കുന്നു. ആയതിനാല് ആരോഗ്യവും, നീതിബോധവും, നിയമബഹുമാനവും സർവ്വോപരി സംസ്കാരവുമുള്ള ഒരു കരുത്തുറ്റ തലമുറയെ വാർത്ത് എടുക്കുന്നതിനായി ജില്ലാ പോലീസ് നടപ്പാക്കുന്ന പദ്ധതിയാണ് **“Kid Safe”.** ഓരോകുട്ടിയുടെയും നന്മ, തിന്മകൾ മനസ്സിലാക്കി അവന് സധാസമയവും സഹായ ഹസ്തവുമായി അവനോപ്പം നിൽക്കുന്ന നിഴലാകുകയാണ് ജില്ലാ പോലീസ്. ക്രമസമാധാന പാലനത്തിനോടൊപ്പം ജനകീയ പ്രശ്നങ്ങൾ പരിഹരിക്കുന്ന ജനമൈത്രി പോലീസിന്റെ വ്യത്യസ്ഥ മുഖമായി മാറുകയാണ് ആലപ്പുഴ ജില്ലാ പോലീസ്.